# പതിമൂന്നാം കേരളനിയമസഭ
# പതിനൊന്നാം സമ്മേളനം

<u>നക്ഷത്രചിഹ്നമിട്ട ചോദ്യം നം.366</u> | 25/06/2014-ൽ മറുപടിക്ക്

## കാൻസർ ചികിത്സ കാര്യക്ഷമവും ഫലവത്തുമാക്കാൻ നടപടികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. എൻ. എ. ഖാദർ<br>" റ്റി. എ. അഹമ്മദ് കബീർ | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |

---

| | | | |
|---|---|---|---|
| (എ) | കാൻസർ ചികിത്സ കാര്യക്ഷമവും ഫലവത്തുമാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചു എന്നു വ്യക്തമാക്കുമോ ; | (എ) | സർക്കാർ മേഖലയിൽ അർബുദ രോഗത്തിന് വിദഗ്ധ ചികിത്സ ലഭിക്കുന്നത് തിരുവനന്തപുരം റീജിയണൽ കാൻസർ സെന്റർ, മലബാർ കാൻസർ സെന്റർ, തലശ്ശേരി, അഞ്ച് ഗവൺമെന്റ് മെഡിക്കൽ കോളേജുകൾ എന്നീ സ്ഥാപനങ്ങളിലാണ്. കേരളത്തിൽ വർദ്ധിച്ചു വരുന്ന കാൻസർ രോഗികളുടെ എണ്ണം കണക്കിലെടുക്കുമ്പോൾ ഇവ അപര്യാപ്തമാണ് എന്ന് ബോധ്യമായതിനാൽ സംസ്ഥാന ആരോഗ്യ വകുപ്പ് നടപ്പിലാക്കിയ പദ്ധതിയാണ് ജില്ലാ 'കാൻസർ കെയർ പദ്ധതി'. നിലവിൽ ആരോഗ്യ വകുപ്പിന് കീഴിൽ എറണാകുളം ജില്ലാ ആശുപത്രിയിലാണ് കാൻസർ രോഗത്തിന് വിദഗ്ധ ചികിത്സ ലഭ്യമായിട്ടുള്ളത്. ആരോഗ്യ വകുപ്പിന്റെ ജില്ലാ കാൻസർ കെയർ പദ്ധതി പ്രകാരം ഓരോ ജില്ലയിലെയും ഒരു പ്രധാന ആശുപത്രിയിൽ ജില്ലാ കാൻസർ കെയർ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുകയും 12 ജില്ലകളിൽ അത് പ്രവർത്തനസജ്ജമാക്കുകയും ചെയ്തു.<br><br>ആരോഗ്യവകുപ്പിൽ ഓങ്കോളജിസ്റ്റുകളുടെ ദൗർലഭ്യം കണക്കിലെടുത്ത് സർവ്വീസിലുള്ള അസിസ്റ്റന്റ് സർജൻമാർക്കും അവരെ സഹായിക്കാനായി രണ്ട് സ്റ്റാഫ് നഴ്സുമാർക്കും വീതം തിരുവനന്തപുരം ആർ.സി.സിയിലും മലബാർ കാൻസർ സെന്ററിലും വച്ച് വിദഗ്ധ പരിശീലനം നൽകി വിന്യസിക്കുകയുണ്ടായി. ഇതിനോടകം 2500/- |

| | | | |
|---|---|---|---|
| | | | (രണ്ടായിരത്തി അഞ്ഞൂറ്) ലേറെ കീമോതെറാപ്പിയും മറ്റ് അനുബന്ധ ചികിത്സകളും നൽകുകയും കൂടാതെ 300 (മുന്നൂറ്) ഓളം പുതിയ കേസുകളും കണ്ടെത്തുന്നതിനും ഈ സെന്ററുകൾ മുഖേന സാധ്യമായിട്ടുണ്ട്.<br><br>ആരോഗ്യ വകുപ്പിന്റെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നിലവിലുള്ള കാൻസർ സെന്ററുകൾ ശക്തിപ്പെടുത്തുന്നതിനും മരുന്നും ധനസഹായ വിതരണവും നടത്തുന്നതിനുമുള്ള പദ്ധതികൾ നടപ്പിലാക്കി വരികയാണ്. |
| (ബി) | കാൻസർ രോഗചികിത്സയിൽ ആധുനിക സങ്കേതങ്ങൾ ഉപയോഗപ്പെടുത്തുന്ന കാര്യത്തിൽ എത്രത്തോളം പുരോഗതി കൈവരിക്കാനായിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ; | (ബി) | ക്യാൻസർ ചികിൽസക്കുള്ള ആധുനിക ചികിൽസകളായ ശസ്ത്രക്രീയ, റേഡിയേഷൻ, കീമോതെറാപ്പി, ഹോർമോൺ തെറാപ്പി, മജ്ജ മാററിവയ്ക്കൽ ചികിൽസ, ലേസർ ചികിൽസ തുടങ്ങിയവ ആർ.സി.സി.യിൽ നിന്നും ലഭ്യമാക്കുന്നുണ്ട്. വൻകിട ആശുപത്രികളിൽ മാത്രം ലഭിക്കുന്ന ഹൈ ടെക് ചികിൽസകൾ കുറഞ്ഞ ചെലവിൽ പാവപ്പെട്ടവർക്കും ആർ.സി.സി. യിൽ നിന്നും ലഭ്യമാക്കുന്നുണ്ട്.<br><br>മൈക്രോ വാസ്ക്കുലർ ടിഷ്യൂ ട്രാൻസ്ഫർ ഉൾപ്പെടെയുള്ള ശസ്ത്രക്രീയ കൾ അവയവ പുനർ നിർമ്മാണ ശസ്ത്രക്രീയ തുടങ്ങിയ ശസ്ത്രക്രീയ കളും ആർ.സി.സി.യിൽ നടത്തുന്നുണ്ട്.<br><br>IMRT, IGRT, കൺഫോമൽ റേഡിയോതെറാപ്പി, മൈക്രോസെലക്ട്രോൺ ഉപയോഗിച്ചുള്ളഹൈ ഡോസ്ബാക്കിതെറാപ്പി, റേഡിയോ അയഡിൻ തെറാപ്പി തുടങ്ങിയ റേഡിയോതെറാപ്പി സൗകര്യങ്ങളും ആർ.സി.സി.യിൽ നിലവിലുണ്ട്. കൂടാതെ ഹൈഡോസ് കീമോതെറാപ്പി, ടാർജററഡ്തെറാപ്പി എന്നി ഔഷധ ചികിൽസാ സംവിധാനങ്ങളും മജ്ജ മാററിവയ്ക്കൽ ചികിൽസയും ആർ.സി.സി.യിൽ ലഭ്യമാണ്.<br><br>പാലിയേററീവ് കെയറിൻെറ ഭാഗമായി മോർഫിൻ ഉൾപ്പെടെയുള്ള വേദന നിവാരണ സംകേതങ്ങളും ആർ.സി.സി.യുടെ ആഭിമുഖ്യത്തിൽ തിരുവനന്തപുരം മെഡിക്കൽ കോളേജിലെ ഫാർമസി വിഭാഗവുമായി ബന്ധപ്പെട്ട് ഒരു മോർഫിൻ നിർമ്മാണ യൂണിററും പ്രവർത്തിക്കുന്നുണ്ട്.<br><br>മലബാർ കാൻസർ സെന്ററിൽ നിലവിൽ താഴെ പറയുന്ന ചികിത്സാ സൗകര്യങ്ങൾ ലഭ്യമാണ്.<br><br>• ആധുനിക റേഡിയേഷൻ ചികിത്സ ലഭ്യമാക്കുന്ന ലീനിയർ ആക്സിലറേറ്റർ, എലൈറ്റ് 80 ടെലികൊബാൾട്ട് മെഷീൻ, റേഡിയോ തെറാപ്പി സിമുലേറ്റർ, ബ്രാക്കിതെറാപ്പി മഷീൻ. എന്നിവ ഉൾപ്പെടുന്ന റേഡിയേഷൻ ചികിത്സാ സൗകര്യം. |

- ആധുനിക സൗകര്യങ്ങളോടുകൂടിയ ബയോ കെമിക്കൽ ക്ലിനിക്കൽ ലബോറട്ടറി, സൈറ്റോളജി വിഭാഗം, ഹിസ്റ്റോ പാത്തോളജി, മോളിക്യുലർ ഓങ്കോളജി, മൈക്രോ ബയോളജി എന്നീ വിഭാഗം.
- സി.ടി.സിമുലേറ്റർ, അത്യാധുനിക എം. ആർ.ഐ സ്കാനർ, സി.ടി.സ്കാൻ, ഡിജിറ്റൽ എക്സറേ/500 എം.എ എക്സ്റേ മെഷീനും, അൾട്രാ സൗണ്ട് സ്കാനറും, ഡിജിറ്റൽ മാമ്മോഗ്രാഫിയും അടങ്ങിയ ഇമേജിയോളജി വിഭാഗം.
- ആഴ്ചയിൽ 6 ദിവസം പ്രവർത്തിക്കുന്ന ഔട്ട് പേഷ്യന്റ് വിഭാഗം.
- രക്തത്തിലെ കോശങ്ങളെ വേർതിരിക്കുന്ന കമ്പോണന്റ് സെപ്പറേഷൻ സൗകര്യങ്ങളുള്ള ആധുനിക സജ്ജീകരണങ്ങളോടുകൂടിയ ബ്ലഡ് ബാങ്ക്.
- ആധുനിക സജ്ജീകരണങ്ങളോടു കൂടിയ ഓപ്പറേഷൻ തിയേറ്റർ കോംപ്ലക്സ്.
- എന്റോസ്കോപ്പി, കൊളോണോസ്കോപ്പി, ബ്രോങ്കോസ്കോപ്പി എന്നിവ ചെയ്യാനുള്ള സജ്ജീ കരണങ്ങൾ.
- ഡേ കീമോതെറാപ്പി വിഭാഗം ഉൾപ്പെടെയുള്ള കീമോതെറാപ്പി ചികിത്സ.
- കാൻസർ രോഗികൾക്ക് സാന്ത്വന ചികിത്സ നൽകുന്ന പാലിയേറ്റീവ് കെയർ വിഭാഗം, കൂടാതെ പാലിയേറ്റീവ് ചികിത്സ തുടരുന്ന രോഗികൾക്ക് ഹോം കെയർ സർവ്വീസ് ലഭ്യമാക്കുന്നുണ്ട്.
- മറ്റ് ആശുപത്രികളിലെ കാൻസർ രോഗികൾക്കും, ഡോക്ടർമാർക്കും, എം.സി.സി.യിലെ ഡോക്ടർമാരുമായി അവരുടെ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിനുള്ള ടെലി മെഡിസിൻ സംവിധാനവും പ്രവർത്തിച്ചുവരുന്നുണ്ട്.
- 125 രോഗികളെ കിടത്തി ചികിത്സിക്കുവാനുള്ള ഇൻപേഷ്യന്റ് ബ്ലോക്ക്
- ഹോസ്പിറ്റൽ ബേസ്ഡ് കാൻസർ റെജിസ്ട്രി, പോപ്പുലേഷൻ ബേസ്ഡ് കാൻസർ റെജിസ്ട്രി എന്നിവ കൈകാര്യം ചെയ്യുന്ന കാൻസർ റെജിസ്ട്രി വിഭാഗം.
- ബോൺ മാരോ ട്രാൻസ്പ്ലാന്റേഷൻ അടങ്ങുന്ന ഹെമറ്റോളജി & മെഡിക്കൽ ഓങ്കോളജി വിഭാഗം
- ബയോസ്റ്റാറ്റിക്സ് വിഭാഗം അടങ്ങുന്ന ക്ലിനിക്കൽ റിസർച്ച് വിഭാഗം

| | | | |
|---|---|---|---|
| | | | കാൻസർ ചികിത്സയുമായി ബന്ധപ്പെട്ട് സർക്കാർ മെഡിക്കൽ കോളേജുകളിലെ ഓങ്കോളജി, റേഡിയോ തെറാപ്പി ഡിപ്പാർട്ടുമെന്റുകളിൽ ആധുനിക ഉപകരണങ്ങൾ സ്ഥാപിച്ച് നവീകരിക്കുന്ന പദ്ധതി നടന്നു കൊണ്ടിരിക്കുന്നു. ഇതിനായി കൊബാൾട്ട് മെഷീൻ, ലീനിയർ ആക്സിലറേറ്റർ, സി.റ്റി. സിമുലേറ്റർ തുടങ്ങിയ ആധുനിക ഉപകരണങ്ങൾ സ്ഥാപിച്ചു വരുന്നുണ്ട്. ആരോഗ്യ വകുപ്പിനു കീഴിലുള്ള കാൻസർ ചികിത്സാ കേന്ദ്രങ്ങളിൽ സർജറി, കീമോതെറാപ്പി, റേഡിയോ തെറാപ്പി തുടങ്ങിയ ചികിത്സാ സമ്പ്രദായങ്ങളാണ് നടത്തിവരുന്നത്. |
| (സി) | കാൻസർ രോഗികളുടെ എണ്ണം സംസ്ഥാനത്ത് ക്രമാതീതമായി വർദ്ധിച്ചു വരുന്നു എന്ന ആശങ്കയ്ക്ക് അടിസ്ഥാനമുണ്ടോ ; എങ്കിൽ അതിന് സംസ്ഥാനത്തിന്റേതായ ഏതെങ്കിലും പ്രത്യേകതകൾ കാരണമാകുന്നുണ്ടോ എന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ? | (സി) | സംസ്ഥാനത്ത് കാൻസർ രോഗികളുടെ എണ്ണം വർദ്ധിച്ചു വരുന്നുണ്ട്. ആർ.സി.സി.യിൽ ക്യാൻസർ ചികിൽസ കാര്യക്ഷമവും ഫലവത്തുമാക്കുവാൻവേണ്ടി നിരവധി നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>അത്യാധുനിക രോഗ നിർണ്ണയ സംവിധാനങ്ങൾ, അതി നൂതനമായ ചികിൽസാ സംകേതങ്ങൾ, സാന്ത്വന ചികിൽസക്കുള്ള സൗകര്യങ്ങൾ, ക്യാൻസർ ചികിൽസക്ക് ആവശ്യമായ മനുഷ്യ വിഭവ ശേഷി വികസനം, ചികിൽസാച്ചെലവ് കുറയ്ക്കുന്നതിനുള്ള സാമൂഹ്യക്ഷേമ പദ്ധതികൾ തുടങ്ങി വിവിധ പദ്ധതികളിലൂടെ ക്യാൻസർ ചികിൽസ കാര്യക്ഷമമാക്കുന്നതിന് ആർ.സി.സി ശ്രമിക്കുന്നുണ്ട്. ആധുനിക ക്യാൻസർ ചികിൽസാ കേന്ദ്രങ്ങളിൽ അനുവർത്തിക്കുന്ന നൂതന ചികിൽസാ രീതികൾ ആർ.സി.സി.യിൽ നിലവിലുണ്ട്.<br>ക്യാൻസർ ചികിൽസക്കുള്ള ആധുനിക ചികിൽസകളായ ശസ്ത്രക്രിയ, റേഡിയേഷൻ, കീമോതെറാപ്പി, ഹോർമോൺ തെറാപ്പി, മജ്ജ മാററിവയ്ക്കൽ ചികിൽസ, ലേസർ ചികിൽസ തുടങ്ങിയവ ആർ.സി.സി.യിൽ നിന്നും ലഭ്യമാക്കുന്നുണ്ട്. വൻകിട ആശുപത്രികളിൽ മാത്രം ലഭിക്കുന്ന ഹൈ ടെക് ചികിൽസകൾ കുറഞ്ഞ ചെലവിൽ പാവപ്പെട്ടവർക്കും ആർ.സി.സി.യിൽ നിന്നും ലഭ്യമാക്കുന്നുണ്ട്.<br>മൈക്രോ വാസ്ക്കുലർ ടിഷ്യൂ ട്രാൻസ്ഫർ ഉൾപ്പെടെയുള്ള ശസ്ത്രക്രിയകൾ അവയവ പുനർ നിർമ്മാണ ശസ്ത്രക്രിയ തുടങ്ങിയ ശസ്ത്രക്രിയകളും ആർ.സി.സി.യിൽ നടത്തുന്നുണ്ട്.<br>IMRT, IGRT, കൺഫോമൽ റേഡിയോതെറാപ്പി, മൈക്രോസെലക്ട്രോൺ ഉപയോഗിച്ചുള്ള ഹൈ ഡോസ് ബ്രാക്കിതെറാപ്പി, റേഡിയോ അയഡിൻ തെറാപ്പി തുടങ്ങിയ റേഡിയോതെറാപ്പി സൗകര്യങ്ങളും ആർ.സി.സി.യിൽ നിലവിലുണ്ട്. കൂടാതെ ഹൈ ഡോസ് കീമോതെറാപ്പി, ടാർജററഡ്തെറാപ്പി എന്നി |

| | | | |
|---|---|---|---|
| | | | ഔഷധ ചികിൽസാ സംവിധാനങ്ങളും മജ്ജ മാററിവയ്ക്കൽ ചികിൽസയും ആർ.സി.സി.യിൽ ലഭ്യമാണ്.<br>പാലിയേററീവ് കെയറിന്റെ ഭാഗമായി മോർഫിൻ ഉൾപ്പെടെയുള്ള വേദന നിവാരണ സംകേതങ്ങളും ആർ.സി.സി.യുടെ ആഭിമുഖ്യത്തിൽ തിരുവനന്തപുരം മെഡിക്കൽ കോളേജിലെ ഫാർമസി വിഭാഗവുമായി ബന്ധപ്പെട്ട് ഒരു മോർഫിൻ നിർമ്മാണ യൂണിററും പ്രവർത്തിക്കുന്നുണ്ട്.<br>മലബാർ കാൻസർ സെന്ററിൽ 2001 മുതൽ 2014 വരെ ചികിത്സയ്ക്കായി എത്തിയ രോഗികളുടെയും, തുടർ ചികിത്സയ്ക്കായി എത്തിയവരുടെയും കണക്ക് പരിശോധിച്ചതിൽ കാൻസർ രോഗം വർദ്ധിച്ച് വരുന്നതായി കാണുന്നുണ്ട്. ജീവിത ശൈലിയിലുണ്ടായ മാറ്റം, പുകയില തുടങ്ങിയവയുടെ ഉപയോഗം, ഭക്ഷ്യധാന്യങ്ങളിലെ കീടനാശിനി പ്രയോഗം, രാസവളങ്ങളുടെ അമിതോപയോഗം എന്നിവ കാൻസർ രോഗം വർദ്ധിക്കുന്നതിന് കാരണമായിട്ടുണ്ട്.<br>എന്നാൽ സംസ്ഥാനത്തിന്റേതായ എന്തെങ്കിലും പ്രത്യേകതകൾ കാൻസറിനു കാരണമാകുന്നുണ്ടോ എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ